# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** | **02.07.2015 - ൽ**
**ചോദ്യം നമ്പർ: 1537** | **മറുപടിക്ക്**

## കാർഷിക - വെറ്ററിനറി സർവ്വകലാശാലകൾക്ക് കീഴിലുള്ള ഫാമുകളിലുള്ള കാഷ്വൽ തൊഴിലാളികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ബാബു എം. പാലിശ്ശേരി** | **ശ്രീ.കെ.പി.മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| **എ)** കാർഷിക - വെറ്ററിനറി സർവ്വകലാശാലകൾക്ക് കീഴിലുള്ള ഫാമുകളിൽ എത്ര കാഷ്വൽ തൊഴിലാളികൾ ജോലി നോക്കിവരുന്നുണ്ട് ; | **എ)** കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള വിവിധ ഫാമുകളിൽ 625 കാഷ്വൽ തൊഴിലാളികളും വെറ്ററിനറി സർവ്വകലാശാലയ്ക്ക് കീഴിലുള്ള ഫാമുകളിൽ മൊത്തം 459 കാഷ്വൽ തൊഴിലാളികളും ജോലി നോക്കുന്നുണ്ട്. |
| **ബി)** ഫാമുകളിലെ തൊഴിൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും കാഷ്വൽ തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതിനും എന്തെങ്കിലും നടപടി കൃഷി വകുപ്പ് സ്വീകരിച്ചിട്ടുണ്ടോ ; ഇവരുടെ തൊഴിൽ ഭദ്രത ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ ? | **ബി)** കാർഷിക സർവ്വകലാശാലയിൽ നിലവിലുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം കാഷ്വൽ തൊഴിലാളികളുടെ ഹാജരിന്റെ അടിസ്ഥാനത്തിൽ സീനിയോറിറ്റി നിർണ്ണയിച്ച് സ്ഥിരം തൊഴിലാളി തസ്തികയിലെ ഒഴിവുകളുടെ ലഭ്യതയനുസരിച്ച് സ്ഥിരം തൊഴിലാളികളായി നിയമനം നൽകി വരുന്നുണ്ട്. സർവ്വകലാശാലയുടെ എല്ലാ ഫാമുകളിലും ജനറൽ കൗൺസിൽ അംഗത്തെ പ്രത്യേക ക്ഷണിതാവായി ഉൾപ്പെടുത്തി ഫാം ഉപദേശകസമിതി രൂപീകരിക്കുകയും ഈ സമിതി മൂന്ന് മാസത്തിലൊരിക്കൽ യോഗം ചേരുകയും, ഫാമുകളുടെ വികസനം സംബന്ധിച്ചും തൊഴിലാളികളുടെ സൗകര്യങ്ങൾ/ ക്ഷേമം സംബന്ധിച്ചും തീരുമാനമെടുക്കുകയും, ഇവ നടപ്പിലാക്കി വരികയും ചെയ്യുന്നു. കാഷ്വൽ തൊഴിലാളികൾ സ്ഥിരപ്പെടുന്നതോടെ അവരുടെ സേവന വേതന വ്യവസ്ഥകളെല്ലാം അതാത് സമയത്ത് സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കും കേരള സർവ്വീസ് ചട്ടങ്ങൾക്കും അനുസൃതമായി നടപ്പാക്കി വരുന്നു.<br><br>വെറ്ററിനറി സർവ്വകലാശാലയ്ക്ക് കീഴിലുള്ള ഫാമുകളിൽ തൊഴിൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും സ്ഥിരം തൊഴിലാളികളുടെ ഒഴിവുകളിലേക്ക് കാഷ്വൽ തൊഴിലാളികളെ നിയമിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**